അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 154.68 കോടി രൂപയുടെ ഒരു മെഗാപ്രോജക്റ്റ് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ജല ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഇപ്പോൾ ഉപയോഗിക്കപ്പെടാത്ത ജലമാർഗ്ഗങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിനുമായി ഞാൻ 3 കോടി രൂപ വകയിരുത്തുന്നു.

38. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി വേളി ടൂറിസം വില്ലേജ് ഒരു അന്തർദേശീയ വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 11 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കുന്നതിനായി ഒരു കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന "ഡസ്റ്റിനേഷൻ കേരള പ്രോഗ്രാമി"നായി 6 കോടി രൂപ ഞാൻ വകകൊള്ളിച്ചിട്ടുണ്ട്. ചേരമാൻ പറമ്പ്, പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേന്ദമംഗലം ജൂതപ്പള്ളി എന്നീ പുരാതന സ്മാരകങ്ങളുടെ പുനരുദ്ധാരണത്തിന് 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സബ്സിഡികളും ഇൻസെന്റീവുകളും നൽകുന്നതാണ്. ഇതിനുവേണ്ടി 3 കോടി രൂപ വകയിരുത്തുന്നു. മുംബെയിലെ കേരള ഭവൻ, എറണാകുളത്തെ അഡീഷണൽ ഗസ്റ്റ് ഹൗസ്, പാലക്കാട്, വൈത്തിരി എന്നിവിടങ്ങളിൽ പുതിയ ഗസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണത്തിനായി 7.39 കോടി രൂപ മാറ്റിവയ്ക്കുന്നു. ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന് സംയുക്ത സംരംഭങ്ങളിലേയും ലാന്റ് ബാങ്ക് പ്രോജക്ടുകളിലേയും മുതൽമുടക്കിനായി 4 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബേക്കൽ ഒരു അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശ്രമം തുടർന്നും നടത്തുന്നതാണ്. ഇതിനായി ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന് ഒരു കോടി രൂപ നൽകുന്നതാണ്. ടൂറിസം വകുപ്പിന്റെ പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി 7.25 കോടി രൂപ നീക്കി വയ്ക്കുന്നു. തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ നാലുകോടി ചെലവു വരുന്ന രണ്ടാംഘട്ടം അടുത്ത വർഷം പൂർത്തിയാക്കുന്നതാണ്. വടക്കൻ കേരളത്തിൽ കണ്ണൂരിനെ ഒരു പ്രധാന ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്. 55 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

വ്യവസായം

39. നമ്മുടെ വ്യവസായ നയം അതിന്റെ ഊർജ്ജസ്വലതയുടേയും സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് അത് നൽകിയിട്ടുള്ള മാനുഷിക ഭാവത്തിന്റേയും പേരിൽ പരക്കെ പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ലൈസൻസുകളും സർട്ടിഫിക്കറ്റുകളും ഉടൻ നൽകുന്നതിനുള്ള ഏകജാലക സംവിധാനം 1-6-2000 മുതൽ സംസ്ഥാനത്ത് നടപ്പാക്കി. 347.35 കോടി രൂപ മുതൽമുടക്കുള്ളതും 57,348 പേർക്ക് തൊഴിൽ നൽകുന്നതുമായ 15,211 ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ വർഷം സംസ്ഥാനത്ത് ആരംഭിച്ചുവെന്ന് ഈ സഭയെ അറിയിക്കുവാൻ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അതിയായ സന്തോഷമുണ്ട്. 89,000 ആളുകൾക്ക് തൊഴിൽ നൽകുന്ന 500 കോടി രൂപ മുതൽമുടക്കുള്ള 21,000 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ അടുത്ത വർഷം ആരംഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. തവനൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അരിയിൽ നിന്നും പുതിയ ഉല്പന്നങ്ങളും അതിന്റെ ഉപോല്പന്നങ്ങളും വികസിപ്പിക്കുന്നതിനും പാപ്പനംകോട് റീജിയണൽ റിസർച്ച് ലബോറട്ടറിയിൽ ഓട് വ്യവസായം ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള ഒരു റിസോഴ്സ് മാപ്പിംഗ് പദ്ധതി നടപ്പാക്കുന്നതിനുമായി 25 ലക്ഷം രൂപ വകയിരുത്തുന്നു. വികസന പ്ലോട്ടുകളും വികസന മേഖലകളും സ്ഥാപിക്കുന്നതിനും അടിസ്ഥാന വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നതിനും രണ്ടുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും റബ്ബർ പ്ലാസ്റ്റിക് വ്യവസായങ്ങൾക്കുള്ള 'കോമൺ ഫെസിലിറ്റി സെന്ററുകൾ' വികസിപ്പിക്കുന്നതിനായി 40 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. നമ്മുടെ വ്യവസായത്തിൽ ലോകവ്യാപാര സംഘടനയുടെ കടന്നുകയറ്റംമൂലം ഉണ്ടായിട്ടുള്ള ദോഷ ഫലങ്ങളെപ്പറ്റി പഠിക്കാനായി ഒരു പുതിയ പദ്ധതി-'ആന്റി ഡമ്പിംഗ് ഫെസിലിറ്റി സെന്റർ' സ്ഥാപിക്കുന്നതാണ്. ഇതിനായി 1.25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

40. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും കൈത്തറി-യന്ത്രത്തറി മേഖലയ്ക്കായി കൂടുതൽ ഫണ്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലയ്ക്കായി 21.71 കോടി രൂപ ഞാൻ പ്രത്യേകം നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള പുനരധിവാസ ക്ഷേമപ്രവർത്തനങ്ങൾക്ക് പുറമെ വൃദ്ധരായ നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി വൃദ്ധസദനങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ വർഷം കൈത്തറി തുണി നെയ്ത്തിലും വസ്ത്രങ്ങളുടെ ഡിസൈനിംഗിലും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനും നിലവിലുള്ള സാങ്കേതിക വിദ്യയുടെ മെച്ചപ്പെടുത്തലിനും ഊന്നൽ കൊടുക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കൈത്തറി മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് 5.55 കോടി രൂപ ഞാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

41. കിൻഫ്ര അതിന്റെ പ്രധാന ഏഴ് പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഫിലിം ആന്റ് വീഡിയോ പാർക്ക്, കേരള ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക് എന്നീ രണ്ടു പദ്ധതികളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. എറണാകുളത്തും തിരുവനന്തപുരത്തുമുള്ള ബയോ ടെക്നോളജി പാർക്കുകൾ, എറണാകുളത്തെ കിൻഫ്ര, ഐ.ടി.പി.ഒ. കൺവെൻഷൻ സെന്റർ, കൊച്ചിയിലെ ഹൈടെക് പാർക്ക്, കൊരട്ടിയിലേയും പത്തനംതിട്ടയിലേയും ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സെന്ററുകൾ എന്നിവ ഇവരുടെ പുതിയ സംരംഭങ്ങളാണ്. ഭാവിയിൽ സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കാര്യമായ സംഭാവനകൾ

LIBRARY ARCHIVES Kerala Legislative Assembly

നൽകുവാൻ ഇവയ്ക്ക് കഴിയും. കിൻഫ്രയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 21 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടങ്ങൂരിൽ കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതാണ്. ഇതിനായി 10 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

42. സംസ്ഥാനത്ത് വ്യവസായ വികസന കോർപ്പറേഷൻ പല പ്രധാന സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ വ്യവസായ വളർച്ചയിൽ ദൂരവ്യാപകമായ ഫലം ഉളവാക്കുവാൻ ഉതകുന്നതാണ്. 30 കോടി രൂപ ഈ ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സിക്ക് വേണ്ടി നീക്കി വയ്ക്കുന്നു . ചില വ്യവസായ സംരംഭങ്ങൾ ഇനിപ്പറയുന്നു.

i ഉല്പാദനരംഗത്ത് മുതൽ മുടക്കിനെ പരിപോഷിപ്പിക്കുന്ന, പ്രവാസി മലയാളികളും കേരള സർക്കാരും ഷാർജ ഗവൺമെന്റും ചേർന്ന് സ്ഥാപിക്കുന്ന കേരള-ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി.

ii ബ്രിട്ടനിലെ അഡ്മിനിക്സുമായി ചേർന്ന് കാസർഗോഡ് സ്ഥാപിക്കുന്ന 100 കോടി രൂപയുടെ സിറാമിക്സ് സാനിട്ടറി വെയർ പ്രോജക്ട്.

iii കായംകുളം, കൊച്ചി, കാസർഗോഡ്, മംഗലാപുരം എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 1500 കോടി രൂപയുടെ ഗ്യാസ്പൈപ്പ് ലൈൻ പ്രോജക്ട്.

iv കാസർഗോഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 80 മെഗാവാട്ട് പവർ ഉള്ള 350 കോടി രൂപയുടെ ഡിസി പവ്വർ പ്രോജക്ട്.

v പെട്രോനെറ്റ്- സിസികെ ലിമിറ്റഡിന്റെ 535 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊച്ചി-കരൂർ പെട്രോളിയം പൈപ്പ് ലൈൻ.

vi പെട്രോനെറ്റ്-എൽഎൻജി 1500 കോടി രൂപയ്ക്കുള്ള എറണാകുളത്തെ എൽഎൻജി ടെർമിനൽ നിർമ്മാണ പദ്ധതി

43. സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ കശുവണ്ടി വികസന കോർപ്പറേഷൻ ഒരു അഞ്ചുവർഷ ആധുനികവൽക്കരണ പരിപാടി നടപ്പാക്കി വരികയാണ്. ഈ പരിപാടി പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ ഞാൻ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

44. ഈ വർഷം വ്യവസായത്തിന് പദ്ധതി ഇനത്തിൽ 276.88 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനർ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നീക്കിവച്ചിട്ടുള്ള 65 കോടി രൂപയും ഉൾപ്പെടും. ചെറുകിട വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുവാനായി 25.5കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

INDUSTRIES

39. Our Industrial Poclicy has been appreciated for its vitality and above all for being able to lend a human face to industrial progress. The Single Window Clearance System has been introudced on 1-6-2000 in the State for speedy clearance of licenses and certificates for setting up of industrial units. Government is happy to inform this house that during the first three quarters of the year, 15211 SSI units have been set up in the State with a total investment of Rs. 347.35 cr. and giving employment to 57348 persons. We hope to see 21000 new SSI units with a capital investment of Rs. 500 cr. in the next year, giving employment to as many as 89000 persons. I have earmarked an amount of Rs. 25 lakhs for developing new products from rice and its bye-products at the Kerala Agricultural University, Thavanur and for Resource Mapping of clay and modernisation and diversification of Tile Industry based at Regional Research Laboratory, Pappanamcode . An amount of Rs .2.00 cr. has been earmarked for establishment of Development Area and Development Plots and providing industrial infrastructure facilities. For developing the common facility centres at Changanassery and Manjeri for rubber and plastic industries, Rs.40 lakhs has been provided in my budget. A new scheme- the anti dumping facility centre- will be set up to study the ill effects of the proposed WTO regime on our industry. I have allocated Rs. 1.25 cr. for this.

40. This year, Government expects to enhance the spending in the Handloom and powerloom sector with more funds from Government of India and NCDC. I have set apart Rs. 21.71 cr. for this sector. In addition to the existing rehabilitation and welfare schemes, Government proposes to open Geriatric Centres for the care of the elderly weavers. This year, the main emphasis will be on implementation of modern technology and modern fabric design and upgradation of existing technology in the Handloom sector. For the development of handlooms through Primary Co-operative Societies, I have made an allocation of Rs. 5.55 cr. in my budget.

41. KINFRA has completed seven of its major projects. Two projects, Film and Video Park, Kerala Information Technology and Electronics Park are now under execution. The new projects include the Biotechnology Parks at Ernakulam and Thiruvananthapuram, KINFRA-ITPO Convention Centre at Ernakulam, Hi-Tech Park,

LIBRARY ARCHIVES Kerala Legislative Assembly

Cochin, Integrated Infrastructure Development Centre, Koratty and the Integrated Infrastructure Development Centre at Pathanamthitta. These will have a very major role in the industrial development of the State in future. I have provided an amount of Rs. 21 cr. for activities of KINFRA in the budget. In addition, I am also allocating Rs. 10 lakhs for a new industrial park at Kidangoor.

42. KSIDC has launched many major initiatives in the State. These will have far reaching effects in spurring the industrial grwoth of the State. In this budget, I have provided Rs. 30 cr. for KSIDC. Some of the major projects taken up are:

i. Kerala Sharjah Investment Holding company set up by Non Resident Keralites, Government of Kerala and Government of Sharjah to foster the investment in the manufacturing sector.

ii Setting up a Rs. 100 cr. Ceramic sanitary ware project in Kasargod in collaboration with Adminex of U.K.

iii Gas Pipeline Project costing Rs. 1500 cr connecting Kochi-Kayamkulam-Kasargode-Mangalore by Gas Authority of India Limited.

iv DC Power project is planning a 80 MW project with an estimated cost of Rs. 350 cr. in Kasargod.

v. Petronet-CCK Ltd. is laying a petroleum pipeline from Cochin to Karur with an estimated cost of Rs. 535 cr.

vi. LNG Terminal: Petronet LNG is implementing a Rs. 1500 cr. project at Ernakulam.

43. The State Cashew Development Corporation is implementing a five-year modernisation programme with the assistance provided by the State Government. To complete this programme I have provided Rs.5 cr. in my budget.

44. The total outlay that I have provided for industries under plan in the budget is Rs. 276.88 cr. This includes a massive provision of Rs. 65 cr. for restructuring and revival of State Public Sector Units. An amount of Rs. 25.5 cr. has been provided as investment subsidy for Small Scale Industries.

LIBRARY ARCHIVES Kerala Legislative Assembly